1. കുടിവെള്ള ലഭ്യത
2. റോഡു വികസനം
3. അംഗൻവാടി, ഏകാദ്ധ്യാപക സ്കൂളുകളിലെ സൗകര്യം
4. ആരോഗ്യ പരിപാലനം
5. വീടുകളുടെ അറ്റകുറ്റപ്പണി
6. ജൈവകൃഷി
7. റേഷൻ കട, പൊതുവിതരണ സംവിധാനം
8. വീട് വൈദ്യുതീകരണം
9. ലൈറ്റുകൾ സ്ഥാപിക്കൽ
10. സൗരോർജ്ജ വേലി നിർമ്മാണം.

(ഡി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോഡെവലപ്പേഴ്സ്, കരുവിക്കൊരു കൂട്, പ്രകൃതി മിത്ര അവാർഡ്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചു. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. 200 ലക്ഷം രൂപയുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്ക് ഭരണാനുമതിയ്ക്ക് നൽകിയിട്ടുണ്ട്. ഫീൽഡുതലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

ബാർ കോഴക്കേസ് അന്വേഷണം

11(*11) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴക്കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്, വിശദമാക്കാമോ;

(ബി) വിജിലൻസ് നടത്തിയ ക്വിക് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES:Kerala Legislative Assembly

(സി) കോഴ നൽകിയതായും ബാറുകാരിൽ നിന്ന് പണം സ്വരൂപിച്ചതായും ഇടപാടുകൾ നടത്തിയതായതുമെല്ലാം സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്ന് ഇതിനകം പുറത്തുവന്ന വെളിപ്പെടുത്തലുകൾ വിജിലൻസ് സംഘം ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരെയെല്ലാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും തുടർ അന്വേഷണത്തിന്റെ ഭാഗമായി ആരെല്ലാം പ്രതികളായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) അന്വേഷണം ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘത്തിന്റെ നേതൃത്വത്തിലാണ് ആരംഭിച്ചതെന്നും അന്വേഷണ ചുമതലയിൽ നിന്നും പിന്നീട് ഒഴിവാക്കപ്പെട്ടവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(എഫ്) എന്തെല്ലാം ആവശ്യങ്ങളെ മുൻനിർത്തി, ആർക്കെല്ലാം ഏതെല്ലാം ഘട്ടങ്ങളിലായി എത്ര കോടി രൂപ കോഴ നൽകിയതായിട്ടാണ് ഇതിനകം വെളിപ്പെടുത്തലുകൾ ഉണ്ടായിരിക്കുന്നതെന്ന വ്യക്തമാക്കാമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ബാർ കോഴ കേസ് ഇപ്പോൾ അന്വേഷണ ഘട്ടത്തിൽ ആണ്. അന്വേഷണം പുരോഗമിക്കുന്നു.

(ബി) സത്വരാന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നത്.

(സി) ടി കേസ്സുമായി ബന്ധപ്പെട്ട എല്ലാ തെളിവുകളും ശേഖരിച്ചുവരുന്നു.

(ഡി) ബഹു. മന്ത്രി ശ്രീ. കെ. എം. മാണിയെ പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തത്. തുടർന്ന് ആരേയും പ്രതിയാക്കിയിട്ടില്ല.

(ഇ) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - I-ലെ പോലീസ് സൂപ്രണ്ട് ശ്രീ. ആർ. സുകേശന്റെ നേതൃത്വത്തിൽ അതേ യൂണിറ്റിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും തെരഞ്ഞെടുത്ത പോലീസ് ഇൻസ്പെക്ടർമാരെയും ഉൾക്കൊള്ളിച്ചാണ് അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളത്. അന്വേഷണ സംഘം രൂപീകരിച്ചശേഷം ആരെയും അതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

(എഫ്) കേസിന്റെ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly